കേരള സർക്കാർ

# പൗരാവകാശ രേഖ

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്
തിരുവനന്തപുരം
2023

# ഉള്ളടക്കം


| നം. | | പേജ് നമ്പർ |
|---|---|---|
| 1. | ആമുഖം | |
| 2. | വകുപ്പിന്റെ ദൗത്യം | |
| 3. | വകുപ്പിന്റെ ഘടന | |
| 4. | വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ | |
| 5. | സേവനാവകാശ നിയമം – 2012 | |
| 6. | കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ | |
| 7. | സ്റ്റേറ്റ് അക്കാദമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷൻ (SASA) | |
| 8. | പ്രസിദ്ധീകരണങ്ങൾ | |
| 9. | വിവരാവകാശ നിയമം – 2005 | |
| 10. | പ്രധാന മേൽവിലാസങ്ങളും ഫോൺ നമ്പരുകളും | |

# ആമുഖം

സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ വിവിധ മേഖലകളുടെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച് അവ ക്രമീകരിച്ച്, ക്രോഡീകരിച്ച് പ്രചരിപ്പിക്കുന്നതിൽ മുഖ്യപങ്കാണ് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് നിർവ്വഹിക്കുന്നത്. ആദ്യ കാലഘട്ടത്തിൽ തിരുവിതാംകൂർ സർവ്വകലാശാലയുടെ ഗവേഷണ വകുപ്പിന്റെ കീഴിൽ, യുദ്ധത്തിനു ശേഷമുള്ള പുനരുദ്ധാരണത്തിന്റെ ഭാഗമായി 1949–ൽ ആരംഭിച്ച "ഇംപ്രൂവ്മെന്റ് ഓഫ് അഗ്രിക്കൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ്" എന്ന സ്കീമിലാണ് വകുപ്പ് പ്രവർത്തനം ആരംഭിച്ചത്. തിരുവിതാംകൂർ, കൊച്ചി സംസ്ഥാനങ്ങളുടെ സംയോജനത്തിനുശേഷം 1951 ൽ സംസ്ഥാന സർക്കാർ "ബോർഡ് ഓഫ് സ്റ്റഡീസ്" രൂപീകരിച്ചു. തുടർന്ന് 1954 ൽ സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് രൂപീകരിക്കുകയും (26/08/1954–ലെ എ. 11–94 [54] എഫ് ഡി. ഡി നമ്പർ സർക്കാർ ഉത്തരവ്) സാമ്പത്തിക വിഷയങ്ങളിൽ ഗവേഷണ ലക്ഷ്യത്തോടെ 1957 ൽ ബ്യൂറോ ഓഫ് ഇക്കണോമിക് സ്റ്റഡീസ് രൂപീകരിക്കുകയും ചെയ്തു. ബ്യൂറോ ഓഫ് ഇക്കണോമിക് സ്റ്റഡീസും സ്റ്റാറ്റിസ്റ്റിക്സ് വകുപ്പും സംയോജിപ്പിച്ചു കൊണ്ട് 1963 ൽ ഈ വകുപ്പിനെ ബ്യൂറോ ഓഫ് ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് എന്ന് നാമകരണം ചെയ്തു. 1980 മുതൽ ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് എന്ന നാമധേയത്തിൽ പ്രവർത്തിച്ചുവരുന്നു (08.08.1980–ലെ ജി.ഒ (ആർ.റ്റി) 366/80/പിഎൽജി നമ്പർ സർക്കാർ ഉത്തരവ്). ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് സംസ്ഥാനത്തെ സ്ഥിതി വിവരക്കണക്ക് വ്യവസ്ഥയുടെ നാഡീകേന്ദ്രമാണ്.

സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ വിവിധ മേഖലകളുടെ രൂപീകരണത്തിനും പദ്ധതി നടത്തിപ്പിനും ആവശ്യമായ സ്ഥിതിവിവരക്കണക്കുകളുടെ ശേഖരണം, തരംതിരിക്കൽ, വിശകലനം, പ്രസരണം എന്നീ ജോലികൾ നിർവ്വഹിച്ചുവരുന്ന ഈ വകുപ്പിനെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചുനൽകേണ്ട നോഡൽ ഏജൻസിയായി കണക്കാക്കി വരുന്നു. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് വകുപ്പിനെ "സ്റ്റേറ്റ് അഗ്രികൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ് അതോറിറ്റി (SASA)" ആയി കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

രാജ്യത്തെ സ്ഥിതിവിവരക്കണക്ക് ശേഖരണത്തിന് നിയമപരമായ പിന്തുണ നൽകിക്കൊണ്ട് 2008 ൽ "സ്ഥിതിവിവരക്കണക്ക് ശേഖരണ ആക്ടും" തുടർന്ന് 2011 ൽ ഇതിൻപ്രകാരമുള്ള ചട്ടങ്ങളും നിലവിൽ വന്നു. ഈ നിയമം നടപ്പാക്കുന്നതിനു മുമ്പ് നിലനിന്നിരുന്ന 1953–ലെ സ്ഥിതിവിവരക്കണക്ക് ശേഖരണ ആക്ടിൽ വാണിജ്യം, വ്യവസായം എന്നീ മേഖലകളിലെ വിവരശേഖരണത്തിനുള്ള നിയമപരമായ പിന്തുണ മാത്രമാണ് ഉണ്ടായിരുന്നത്. 1953 ലെ ഈ ആക്ടിന്റെ പരിമിതികളെ സംബന്ധിച്ച് ഡോ.സി.രംഗരാജന്റെ അദ്ധ്യക്ഷതയിലുള്ള നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ സുപ്രധാന നിരീക്ഷണങ്ങൾ നടത്തുകയും പ്രസ്തുത ആക്ടിന്റെ വ്യാപ്തി വിപുലീകരിച്ചുകൊണ്ട് ഒരു പുതിയ ആക്ട് പാസ്സാക്കുന്നതിന് ശുപാർശ ചെയ്യുകയുമുണ്ടായി. ഈ ശുപാർശകൾക്കനുസൃതമായി കേന്ദ്രസർക്കാർ "കളക്ഷൻ ഓഫ് സ്റ്റാറ്റിസ്റ്റിക്കൽ ആക്ട് 2008" എന്ന പുതിയ നിയമനിർമ്മാണം നടത്തുകയും 09/09/2009 ന് ഇത് ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

വകുപ്പ് നടത്തിവരുന്ന പല സർവേകളുടേയും വിവരശേഖരണത്തിന് ഈ നിയമത്തിലെ വ്യവസ്ഥകൾ ഫലപ്രദമായി ഉപയോഗിച്ചുവരുന്നു.

## വകുപ്പിന്റെ ദൗത്യം

- സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ വിവിധ മേഖലകളിലെ സ്ഥിതിവിവരക്കണക്ക് സംബന്ധമായ ശേഖരണം, തരംതിരിക്കൽ, വിശകലനം, പ്രചരണം.
- കാലികപ്രസക്തിയുള്ള വിഷയാധിഷ്ഠിത ഹ്രസ്വ സർവേകൾ, ഗ്രാമവികസന പരിപാടികളുടെ ദ്രുതാവലോകനം, പ്രാദേശികതല വിവരശേഖരണം.
- ഭാരതസർക്കാരിന്റേയും മറ്റ് സംസ്ഥാന സർക്കാരുകളുടെയും സ്ഥിതിവിവരക്കണക്ക് വകുപ്പുകളുമായുള്ള ആശയവിനിമയം .
- സാമൂഹ്യ-സാമ്പത്തിക മേഖലകളിലെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിൽ പങ്കാളികളാകുക.
- കേന്ദ്രസർക്കാരിന്റെ ഉത്തരവാദിത്വത്തിൽ നടത്തുന്ന കാർഷിക സെൻസസ്, സാമ്പത്തിക സെൻസസ്, തുടങ്ങിയ സെൻസസുകളിൽ പങ്കാളികളാകുക.
- ത്രിതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി/പദ്ധതിയേതര പരിപാടികൾക്ക് ആവശ്യമായ സ്ഥിതിവിവരക്കണക്കുകളുടെ ശേഖരണം.
- വിവിധ വകുപ്പുകളിൽ പ്രവർത്തിക്കുന്ന സ്റ്റാറ്റിസ്റ്റിക്കൽ സെല്ലുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി ഏകോപിപ്പിക്കുക.
- സർവേ / പഠനങ്ങൾ നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക.
- സംസ്ഥാന സർക്കാരിന്റെ സ്റ്റാറ്റിസ്റ്റിക്കൽ ഏജൻസിയായി പ്രവർത്തിക്കുന്നതിനാൽ സംസ്ഥാന സമ്പദ് വ്യവസ്ഥയുടെ എല്ലാ മേഖലകളിലെയും വിവരശേഖരണം, ക്രോഡീകരണം, അപഗ്രഥനം, പ്രചാരണം എന്നിവ നിർവ്വഹിക്കുന്നു.


## വകുപ്പിന്റെ ഘടന

വകുപ്പിന്റെ ഭരണവിഭാഗത്തിന്റേയും സാങ്കേതിക വിഭാഗത്തിന്റേയും തലവൻ ഡയറക്ടർ ആണ്. ഭരണനിർവ്വഹണ വിഭാഗത്തിൽ സീനിയർ അഡ്മിനിസ്ട്രേറ്റിവ് ഓഫീസറും സാങ്കേതിക വിഭാഗത്തിൽ മൂന്ന് അഡീഷണൽ ഡയറക്ടർമാരും ഡയറക്ടറെ സഹായിക്കുന്നു. സ്ഥിതി വിവരക്കണക്ക് സംബന്ധമായ ജോലികൾ കൈകാര്യം ചെയ്യുന്നതിനായി ഡയറക്ടറേറ്റിൽ അഡീഷണൽ ഡയറക്ടർമാരുടെ നേതൃത്വത്തിൽ വിവിധ വിഭാഗങ്ങളും ജോയിന്റ് ഡയറക്ടർമാരുടെ നിയന്ത്രണത്തിൽ ഉപവിഭാഗങ്ങളും പ്രവർത്തിക്കുന്നു. ഈ ഉപവിഭാഗങ്ങളെ വിഷയങ്ങളുടെ അടിസ്ഥാനത്തിൽ യൂണിറ്റുകളായി തിരിച്ച് ഓരോ യൂണിറ്റിന്റേയും ചുമതല ഡെപ്യൂട്ടി ഡയറക്ടറോ, അസിസ്റ്റന്റ് ഡയറക്ടറോ, റിസർച്ച് ഓഫീസറോ വഹിക്കുന്നു. ജോലിഭാരം, സ്വഭാവം എന്നിവ കണക്കിലെടുത്ത് ഓരോ സാങ്കേതിക യൂണിറ്റിലും റിസർച്ച് ഓഫീസർ, റിസർച്ച് അസിസ്റ്റന്റ്, സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് എന്നിവർ ഉണ്ടായിരിക്കും. ഭരണ നിർവ്വഹണ വിഭാഗത്തിൽ സീനിയർ അഡ്മിനിസ്ട്രേറ്റിവ് ഓഫീസർ, സീനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ, സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ (അഡ്മിനിസ്ട്രേഷൻ), റിസർച്ച് അസിസ്റ്റന്റ്, സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് എന്നിവരും സഹായിക്കുന്നു.

ഡെപ്യൂട്ടി ഡയറക്ടർമാരുടെ നേതൃത്വത്തിൽ 14 ജില്ലാ ഓഫീസുകളും താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർമാരുടെ നിയന്ത്രണത്തിൽ 62 താലൂക്ക് ഓഫീസുകളും പ്രവർത്തിക്കുന്നു. ജില്ലാ ഡെപ്യൂട്ടി ഡയറക്ടറെ ജില്ലാ ഓഫീസർ, അഡീഷണൽ ജില്ലാ ഓഫീസർ, റിസർച്ച് ഓഫീസർ, റിസർച്ച് അസിസ്റ്റന്റ്, സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ എന്നിവരും താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസറെ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ, സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ എന്നിവരും സഹായിക്കുന്നു.

സ്ഥിതിവിവരക്കണക്കു സംബന്ധമായ ജോലികൾക്കായി സംസ്ഥാനത്ത് പ്രധാന വകുപ്പുകളിൽ സ്റ്റാറ്റിസ്റ്റിക്കൽ സെല്ലുകൾ പ്രവർത്തിക്കുന്നു. ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസറുടെ നിയന്ത്രണത്തിൽ എല്ലാ ബ്ലോക്ക് വികസന ഓഫീസിലും സ്ഥിതിവിവരക്കണക്ക് വകുപ്പിലെ ഒരു റിസർച്ച് അസിസ്റ്റന്റ് എക്സ്റ്റൻഷൻ ഓഫീസർ (പി & എം) ആയി സേവനം അനുഷ്ഠിച്ചുവരുന്നു.

**ഘടന**



## സ്റ്റാറ്റിസ്റ്റിക്കൽ സെൽ പ്രവർത്തിക്കുന്ന വകുപ്പുകൾ

| ക്രമ നമ്പർ | വകുപ്പുകളുടെ പേര് |
|---|---|
| 1 | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് |
| 2. | മൃഗസംരക്ഷണ വകുപ്പ് |
| 3. | ഭക്ഷ്യ പൊതുവിതരണ വകുപ്പ് |
| 4. | ക്ഷീരവികസന വകുപ്പ് |
| 5. | മത്സ്യബന്ധന വകുപ്പ് |
| 6. | വനം-വന്യജീവി വകുപ്പ് |
| 7. | പൊതുവിദ്യാഭ്യാസ വകുപ്പ് |
| 8. | ആരോഗ്യവകുപ്പ് |
| 9. | സ്റ്റേറ്റ് റ്റി. ബി. ഡെമോൺസ്റ്റേഷൻ ആന്റ് ട്രെയിനിംഗ് സെന്റർ |
| 10. | ആരോഗ്യ-കുടുംബക്ഷേമ പരിശീലന കേന്ദ്രം (തിരുവനന്തപുരം, കോഴിക്കോട്) |
| 11. | സ്റ്റേറ്റ് ന്യൂട്രീഷ്യൻ ഓഫീസ് |
| 12. | ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം |
| 13. | ഗവ: അനലിറ്റിക്കൽ ലബോറട്ടറി |
| 14. | സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് (തിരുവനന്തപുരം & തൃശ്ശൂർ) |
| 15. | കോളജ് വിദ്യാഭ്യാസ വകുപ്പ് |
| 16 | സ്റ്റേറ്റ് ക്രൈം റിക്കാർഡ്സ് ബ്യൂറോ ഹെഡ് ക്വാർട്ടേഴ്സ് |
| 17 | വ്യവസായ വാണിജ്യ വകുപ്പ് |
| 18. | കൈത്തറി & ടെക്സ്റ്റയിൽസ് വകുപ്പ് |
| 19. | ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് |
| 20. | ലേബർ കമ്മീഷണറേറ്റ് |
| 21. | നഗരകാര്യ വകുപ്പ് |
| 22. | ഗ്രാമവികസന വകുപ്പ് |
| 23. | പഞ്ചായത്ത് വകുപ്പ് |
| 24. | നഗരാസൂത്രണ വകുപ്പ് |
| 25. | പദ്ധതിനിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്, ഗവ: സെക്രട്ടേറിയറ്റ്. |
| 26. | ആസൂത്രണ സാമ്പത്തിക കാര്യ (എഫ്) വകുപ്പ്, ഗവ: സെക്രട്ടേറിയറ്റ്. |
| 27. | സംസ്ഥാന ഭൂവിനിയോഗ ബോർഡ് |
| 28 | പൊതുമരാമത്ത് വകുപ്പ് (ബിൽഡിംഗ് വിഭാഗം) |
| 29. | പട്ടികജാതി വികസന വകുപ്പ് |
| 30. | പട്ടികവർഗ്ഗ വികസന വകുപ്പ് |
| 31. | സാമൂഹികനീതി വകുപ്പ് |
| 32. | വനിത ശിശു വികസന വകുപ്പ് |
| 33. | ചരക്ക് സേവന നികുതി വകുപ്പ് |
| 34. | വിനോദസഞ്ചാര വകുപ്പ് |
| 35. | ഗതാഗത വകുപ്പ് |
| 36. | ജലസേചന വകുപ്പ് |
| 37. | സഹകരണ സംഘം രജിസ്ട്രാറുടെ കാര്യാലയം |

## വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ

### 1. *കാർഷിക സ്ഥിതിവിവരക്കണക്ക് (ഇ.എ.ആർ.എ.എസ് )*

സംസ്ഥാനത്തെ കാർഷിക സ്ഥിതിവിവരക്കണക്കുകൾ ഓരോ കാർഷികവർഷവും സാമ്പിൾ സർവേയിലൂടെ ശേഖരിച്ച് ക്രോഡീകരിച്ച് വിശകലനം ചെയ്യുന്നതിനും ആയത് റിപ്പോർട്ടാക്കി കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കും മറ്റ് ഏജൻസികൾക്കും നൽകുന്നതിനുമായി ഇ.എ.ആർ.എ.എസ് (Establishment of an Agency for Reporting Agricultural Statistics) എന്ന 100 % കേന്ദ്രാവിഷ്കൃത പദ്ധതി ഈ വകുപ്പിന്റെ കീഴിൽ നടന്നുവരുന്നു.

ഓരോ കാർഷിക വർഷവും കാലിക വിളകൾ, വാർഷിക വിളകൾ, ദീർഘകാല വിളകൾ എന്നിവ കൃഷിചെയ്യുന്ന ഭൂവിസ്തൃതി, അവയുടെ ഉത്പാദനം, ഉത്പാദനക്ഷമത, വിളകളുടെ ജലസേചനം സംബന്ധിച്ച വിവരങ്ങൾ, കാർഷികേതര ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്ന ഭൂവിസ്തൃതി തുടങ്ങിയ സുപ്രധാന വിവരങ്ങൾ ഈ സർവേയിലൂടെ ശേഖരിക്കുന്നു. ഭൂവിനിയോഗം സംബന്ധിച്ച വിവരങ്ങൾ 13 ഇനങ്ങളായി തരംതിരിച്ച് ശേഖരിക്കുന്നതിലൂടെ യഥാർത്ഥ കൃഷിഭൂമിയുടെ വിസ്തൃതി, വിവിധയിനം തരിശു ഭൂമി, കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്ന സ്ഥലവിസ്തൃതി, മറ്റു കാർഷികേതര ഉപയോഗത്തിനായിട്ടുള്ള ഭൂവിസ്തൃതി തുടങ്ങിയവ തിട്ടപ്പെടുത്തുന്നതിനും ഈ സർവേയിലൂടെ സാധിക്കുന്നു.

ഓരോ കാർഷിക വർഷത്തിലും 90 ൽ അധികം വിളകളുടെ വിസ്തൃതി കണക്കാക്കുകയും 35 കാർഷികവിളകളുടെ ഉത്പാദനവും ഉത്പാദനക്ഷമതയും കണക്കാക്കുകയും ചെയ്യുന്നു. ഓരോ ഇൻവെസ്റ്റിഗേറ്റർ സോണിലും തെരഞ്ഞെടുക്കുന്ന പ്ലോട്ടുകളിൽ നിന്നും വിളവെടുപ്പു പരീക്ഷണം നടത്തി അതിൽനിന്ന് ലഭിക്കുന്ന ഉത്പാദനവിവരങ്ങൾ ഉപയോഗിച്ചാണ് ഇവയിൽ 17 വിളകളുടെ (നെല്ല്, തെങ്ങ്, മരച്ചീനി, ഏത്തവാഴ, മറ്റുവാഴ, കുരുമുളക്, കശുവണ്ടി, അടയ്ക്ക, ഇഞ്ചി, മഞ്ഞൾ, കൈതച്ചക്ക, എള്ള്, വെറ്റില, ചക്ക, കൊക്കോ, കരിമ്പ്, ജാതി) ഉത്പാദനം ഓരോ വർഷവും കണക്കാക്കുന്നത്.

കൂടാതെ ഓരോ കാർഷികവർഷവും ഉപവിളകളുടെ വിഭാഗത്തിൽ വിളവെടുപ്പു പരീക്ഷണത്തിനായി ഓരോ സോണിലും 2 വിളകൾ തെരഞ്ഞെടുക്കുകയും ആ വിളകളുടെ വിളവെടുപ്പു രീതി അനുസരിച്ച് വിളവെടുപ്പു പരീക്ഷണങ്ങൾ നടത്തി ഉത്പാദനം കണക്കാക്കുകയും ചെയ്യുന്നു.

പ്രധാനമന്ത്രി ഫസൽ ബീമാ യോജന (പി.എം.എഫ്.ബി.വൈ) വിള ഇൻഷുറൻസ് സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള നെല്ല്, ഏത്തവാഴ, മരച്ചീനി, മറ്റുവാഴ, എന്നിവയുടെ വിളവെടുപ്പ് പരീക്ഷണങ്ങളിലൂടെ ശരാശരി വിളവ് കണക്കാക്കി അഗ്രികൾച്ചർ ഇൻഷുറൻസ് കമ്പനിക്ക് സമയബന്ധിതമായി നൽകിവരുന്നു.

## 2. കാർഷികസെൻസസും ഇൻപുട്ട് സർവേയും

ഐക്യരാഷ്ട്ര സംഘടനയുടെ ഭക്ഷ്യകാർഷിക സംഘടന (എഫ്.എ.ഒ) ലോകവ്യാപകമായി സംഘടിപ്പിച്ചുവരുന്ന ലോകകാർഷിക സെൻസസിന്റെ ഭാഗമായി കേന്ദ്രസർക്കാർ എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും 1970-71 മുതൽ അഞ്ച് വർഷത്തിലൊരിക്കൽ തുടർച്ചയായി കാർഷിക സെൻസസ് നടത്തിവരുന്നു. കാർഷികസെൻസസിന്റെ തുടർച്ചയായി 1976-77 മുതൽ ഇൻപുട്ട് സർവേയും നടത്തി വരുന്നു.

കൈവശാനുഭവഭൂമി അടിസ്ഥാനമാക്കിയുള്ള വിവരങ്ങളാണ് കാർഷിക സെൻസസിലൂടെ ശേഖരിക്കുന്നത്. കൈവശാനുഭവഭൂമിയുടെ എണ്ണവും വിസ്തൃതിയും സംബന്ധിച്ച് സാമൂഹികവിഭാഗം തിരിച്ചുള്ള വിവരങ്ങൾ ഭൂവിനിയോഗ അടിസ്ഥാനത്തിലും കൈവശാനുഭവത്തിന്റെ സ്വഭാവമനുസരിച്ചുള്ള വിതരണം, ജലസേചനം, കാർഷികവായ്പകൾ തുടങ്ങിയ കാർഷികോപാധികളുടെ വിവരങ്ങൾ കാർഷിക സെൻസസിലൂടെയും ശേഖരിക്കുന്നു. സംസ്ഥാനത്ത് ഇതുവരെ പത്ത് കാർഷികസെൻസസുകൾ പൂർത്തീകരിച്ച് റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## 3. കൃഷിച്ചെലവ് സർവേ

കാർഷിക വികസന പരിപാടികൾക്ക് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നയപരിപാടികൾ ആവിഷ്ക്കരിക്കുന്നതിനും വേണ്ടി സംസ്ഥാനത്തെ പ്രധാന കാർഷിക വിളകളുടെ കൃഷിച്ചെലവുകളെ കുറിച്ചുള്ള വിവരങ്ങൾ കൃഷിച്ചെലവ് സർവേയിലൂടെ ശേഖരിക്കുന്നു. ഓരോ കാർഷികവർഷത്തേയും കൃഷിച്ചെലവ് സർവേ സംബന്ധിക്കുന്ന റിപ്പോർട്ടുകളാണ് ഈ വിഭാഗത്തിൽ നിന്നും പ്രസിദ്ധീകരിക്കുന്നത്.

## 4. വാർഷിക വ്യാവസായിക സർവേ

സംസ്ഥാനത്തിന്റെ സാമ്പത്തികവളർച്ചയിൽ വ്യാവസായിക മേഖല മുഖ്യപങ്ക് വഹിക്കുന്നു. കേരളത്തിലെ വ്യവസായിക മേഖലയുടെ വളർച്ചയുടെ തോത് നിർണ്ണയിക്കുന്നതിന് ആനുവൽ സർവേ ഓഫ് ഇൻഡസ്ട്രീസ് (എ.എസ്.ഐ) വർഷംതോറും സാമ്പത്തിക വർഷാടിസ്ഥാനത്തിൽ നടത്തി വരുന്നു. കേന്ദ്ര സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് (സി.എസ്.ഒ) ആണ് ഇതിന് ആവശ്യമായ മാർഗ നിർദ്ദേശങ്ങൾ നൽകുന്നത്.

സംഘടിത വ്യവസായ മേഖലയിൽ ഉത്പാദനത്തിൽ ഏർപ്പെട്ടിരിക്കുന്നതും സേവനം നടത്തുന്നതുമായ ഉത്പാദന യൂണിറ്റുകളുടെ ഘടന, ഉത്പാദനരീതി തുടങ്ങിയവ നിർണ്ണയിക്കുന്നതിനും വിലയിരുത്തുന്നതിനും വ്യവസായനയം രൂപീകരിക്കുന്നതിനും വേണ്ടിയാണ് വ്യവസായ സർവേയിലൂടെ വിവരശേഖരണം നടത്തിവരുന്നത്. കളക്ഷൻ ഓഫ് സ്റ്റാറ്റിസ്റ്റിക്സ് ആക്ട് – 2008 പ്രകാരമാണ് സർവേ നടപ്പിലാക്കി വരുന്നത്. ഫാക്ടറീസ് ആക്ട് 1948 ലെ സെക്ഷൻ 2m (i) 2m (ii) പ്രകാരം രജിസ്റ്റർ ചെയ്ത ഫാക്ടറികളിൽ നിന്നാണ് വിവരശേഖരണം നടത്തി വരുന്നത്.

ഇത്തരത്തിൽ ശേഖരിക്കുന്ന വിവരങ്ങളും കേന്ദ്ര സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിൽ (സി.എസ്.ഒ) നിന്ന് ലഭിക്കുന്ന സാമ്പിളിന്റെ വിവരങ്ങളും ക്രോഡീകരിച്ച് സംസ്ഥാനതലത്തിലേയും ജില്ലാതലത്തിലേയും വിവരങ്ങൾ പ്രസിദ്ധീകരിക്കുന്നു. ആകെ ഉത്പാദന യൂണിറ്റുകളുടെ എണ്ണം (നാഷണൽ ഇൻഡസ്ട്രിയൽ ക്ലാസിഫിക്കേഷൻ 2008 പ്രകാരം തരം തിരിച്ചത്), സുസ്ഥിരമൂലധനം, പ്രവർത്തന മൂലധനം, മൊത്ത മൂല്യവർദ്ധനവ് എന്നീ അടിസ്ഥാനവിവരങ്ങൾ ഈ സർവേയിലൂടെ ശേഖരിക്കുന്നു.

## 5. വ്യാവസായിക ഉത്പാദന സൂചിക (ഐ.ഐ.പി)

സംസ്ഥാനത്തിന്റെ വ്യാവസായികരംഗത്ത് ഉണ്ടാകുന്ന വളർച്ചാനിരക്ക് കണക്കാക്കുന്നതിനും വ്യാവസായിക ഉത്പാദനത്തിലെ ഹ്രസ്വകാല മാറ്റങ്ങൾ മനസ്സിലാക്കുന്നതിനും വ്യാവസായിക ഉത്പാദന സൂചിക കണക്കാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. സംസ്ഥാനത്തിന്റെ വ്യാവസായിക ഉത്പാദന സൂചിക തയ്യാറാക്കുക കൂടാതെ സംഘടിത, അസംഘടിത മേഖലകളിലെ മൊത്തവില സൂചിക തയ്യാറാക്കുക എന്നതാണ് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ ഉത്പാദന സൂചിക (ഐ.ഐ.പി) വിഭാഗത്തിന്റെ പ്രവർത്തനം.

കേന്ദ്ര സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് (സി.എസ്.ഒ.) യിൽ നിന്നും നൽകിയ മാർഗനിർദേശങ്ങൾക്കനുസരിച്ച് സംസ്ഥാനത്തെ തെരഞ്ഞെടുത്ത 190 സ്ഥാപനങ്ങളിൽ നിന്നായി ഓരോ മാസവും 134 ഇനം ഉത്പന്നങ്ങളുടെ ഉത്പാദനവും, ഖനന മേഖലയുമായി ബന്ധപ്പെട്ട ഉത്പാദനവും, വൈദ്യുതോത്പാദനവും ശേഖരിച്ച് ശാസ്ത്രീയമായാണ് വ്യാവസായിക ഉത്പാദന സൂചിക തയ്യാറാക്കുന്നത്.

## 6. തൊഴിൽ, ഭവന നിർമ്മാണ സ്ഥിതിവിവരക്കണക്ക് വിഭാഗം.

തൊഴിൽ സ്ഥലങ്ങളിൽ തൊഴിലാളികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ആരോഗ്യപരവും സുരക്ഷിതവും സന്തോഷപ്രദവുമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നതിനും തൊഴിൽപരമായ അനേകം നിയമനിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട്. അവയിൽ ഫാക്ടറി തൊഴിലാളികളുടേയും തൊഴിൽ ഉടമസ്ഥരുടേയും ക്ഷേമത്തിനായുള്ള സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ഫാക്ടറി ആക്ട് 1948, പേയ്മെന്റ് ഓഫ് വേജസ് ആക്ട് 1936, വ്യവസായ വ്യവഹാര ആക്ട് 1967 എന്നിവ പ്രബലമാണ്. വകുപ്പിന്റെ ലേബർ യൂണിറ്റ് മേൽപറഞ്ഞ നിയമനിർമ്മാണത്തിന് കീഴിലുള്ള ഡാറ്റയുടെ ശേഖരണം, പട്ടിക തയ്യാറാക്കൽ, വിശകലനം ചെയ്യൽ, പ്രചരിപ്പിക്കുന്നതിനുള്ള റിപ്പോർട്ടുകൾ എന്നിവ തയ്യാറാക്കുന്നു. തൊഴിൽ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിലൂടെ തൊഴിൽ സേനയുടെ വലുപ്പം, തൊഴിലാളികളുടെ വേതനം, ഫാക്ടറികളിലെ പുരുഷ–സ്ത്രീ തൊഴിലാളികളുടെ എണ്ണം, നഷ്ടപരിഹാര വിശദാംശങ്ങൾ, നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾ, വ്യാവസായിക തർക്കങ്ങൾ ഒഴികെയുള്ള തൊഴിൽതർക്ക വിശദാംശങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുക എന്നതാണ് ഈ വിഭാഗത്തിന്റെ പ്രധാന പ്രവർത്തനം.

ഭവനനിർമ്മാണ മേഖലയിലെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ദേശീയ ഭവനനിർമ്മാണ വകുപ്പിന് അയച്ചുകൊടുക്കുന്നതിനുമായി മൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്ത് ആരംഭിച്ചതാണ് ഹൗസിംഗ് സ്റ്റാറ്റിസ്റ്റിക്കൽ സെൽ. ഇതിന്റെ ഭാഗമായി സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, നഗരകാര്യ വകുപ്പ് എന്നിവിടങ്ങളിൽ ഹൗസിംഗ് സ്റ്റാറ്റിസ്റ്റിക്കൽ സെല്ലുകൾ നിലവിൽ വരുകയും ചെയതു. കെട്ടിട നിർമ്മാണ മേഖലയിലെ വേതന നിരക്കുകളും കെട്ടിട നിർമ്മാണം സംബന്ധിച്ച സ്ഥിതിവിവര ക്കണക്കുകളും ശേഖരിക്കുകയും ക്രോഡീകരിക്കുകയും പ്രസിദ്ധപ്പെടുത്തുകയുമാണ് ഈ സെല്ലിന്റെ പ്രധാന പ്രവർത്തനങ്ങൾ.

സംസ്ഥാനത്തിന്റെ വ്യാപാര, നിർമ്മാണ മേഖലകളിലെ വേതന നിരക്കുകളിലെ ഏറ്റക്കുറച്ചിലുകൾ പഠിക്കാൻ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റ് 1963-64ൽ പ്രത്യേകം രൂപകൽപ്പന ചെയ്ത സർവേയാണ് വേതന ഘടന സർവേ. മേൽപ്പറഞ്ഞ മേഖലകളുമായി ബന്ധപ്പെട്ട വിദഗ്ധ-അവിദഗ്ധ തൊഴിലാളികളുടെ വേതനനിരക്ക് സർവേയിൽ ശേഖരിക്കുന്നു. വേതന ഘടന സർവേയിൽ ഗ്രാമീണ, നഗര പ്രദേശങ്ങളിലെ വ്യാപാര-വാണിജ്യ മേഖലയിലെ തെരഞ്ഞെടുത്ത കടകളും ഭവന നിർമ്മാണ മേഖലയിലെ തിരഞ്ഞെടുത്ത യൂണിറ്റുകളും ഉൾപ്പെടുന്നു. സാമ്പിൾ തെരഞ്ഞെടുക്കലിനായി സ്ട്രാറ്റിഫൈഡ് റാൻഡം സാംപ്ലിംഗ് രീതിയാണ് ഉപയോഗിക്കുന്നത്. വാണിജ്യ മേഖലയിൽ നിന്ന് 140 സാമ്പിളുകളും നിർമ്മാണ മേഖലയിൽ നിന്ന് 19 സാമ്പിളുകളും ഓരോ ജില്ലയിൽ നിന്നും സർവേയ്ക്കായി തിരഞ്ഞെടുക്കുന്നു. വകുപ്പിന്റെ ജില്ലാ ഓഫീസുകളിൽ ത്രൈമാസ അടിസ്ഥാനത്തിൽ ഡാറ്റ ശേഖരിക്കുകയും, ഈ ഡാറ്റ ഡയറക്ടറേറ്റിൽ ക്രോഡീകരിക്കുകയും സൂക്ഷ്മപരിശോധന നടത്തുകയും, 5 വർഷത്തിലൊരിക്കൽ റിപ്പോർട്ടുകളായി പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.

## *7. മെഡിക്കൽ സർട്ടിഫിക്കേഷൻ ഓഫ് കോസ് ഓഫ് ഡെത്ത് (എം.സി.സി.ഡി)*

1969 ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യയുടെ നിർദ്ദേശപ്രകാരം നടപ്പിലാക്കിവരുന്ന പദ്ധതിയാണ് എം.സി.സി.ഡി. ആശുപത്രികളിൽ നടക്കുന്ന മരണങ്ങളുടെ മരണകാരണം മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തുന്ന ഫോറം -4 ലെ വിവരങ്ങൾ ശേഖരിച്ച് ഐ.സി.ഡി-10 പ്രകാരം മൂലകാരണം കോഡ് ചെയ്ത് ക്രോഡീകരിക്കുന്ന റിപ്പോർട്ട് രജിസ്ട്രാർ ജനറൽ ഓഫ് ഇൻഡ്യക്ക് അയച്ചു കൊടുക്കുകയും അതിന്റെ വിശദമായ റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യുകയാണ് എം.സി.സി.ഡി പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ആരോഗ്യമേഖലയിലെ ആസൂത്രണത്തിന് എം.സി.സി.ഡി. ഡാറ്റ വളരെ പ്രയോജനപ്രദമാണ്. രോഗപ്രതിരോധം, സാംക്രമിക രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധ നടപടികൾ എന്നിവയിൽ യഥാർത്ഥ മരണകാരണങ്ങൾ ക്രോഡീകരിച്ചുള്ള എം.സി.സി.ഡി. വിവരശേഖരണം അത്യന്താപേക്ഷിതമാണ്.

## *8. വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം*

വൈറ്റൽ സ്റ്റാറ്റിസ്റ്റിക്കൽ വിഭാഗത്തിനു കീഴിൽ സിവിൽ രജിസ്ട്രേഷൻ സിസ്റ്റം (സി.ആർ.എസ് ), സാമ്പിൾ രജിസ്ട്രേഷൻ സിസ്റ്റം (എസ്.ആർ.എസ് ), സ്പോട്ട് ചെക്ക് സർവ്വെ എന്നിങ്ങനെ മൂന്ന് ഉപവിഭാഗങ്ങളുണ്ട്.

ജനനം, മരണം തുടങ്ങിയ നിർണ്ണായക സംഭവങ്ങളുടെ തുടർച്ചയായതും സ്ഥിരമായതും നിർബന്ധിതവുമായ റിക്കോർഡിംഗ് സംവിധാനമാണ് സിവിൽ രജിസ്ട്രേഷൻ സിസ്റ്റം. 1969 ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട് (RBD Act 1969) നിലവിൽ വന്നതോടെയാണ് ഇന്ത്യയിൽ ജനന-മരണ രജിസ്ട്രേഷന് ഒരു ഏകീകൃത നിയമം ഉണ്ടായത്. ഈ ആക്ട് പ്രകാരം ജനനം, മരണം, നിർജ്ജീവ ജനനം എന്നിവ രജിസ്റ്റർ ചെയ്യേണ്ടത് നിർബന്ധമാണ്. 1970 ഏപ്രിൽ 1 മുതലാണ് ജനന-മരണ രജിസ്ട്രേഷൻ നിയമം സംസ്ഥാനത്ത് നിലവിൽ വന്നത്.

പഞ്ചായത്ത് വകുപ്പിലെ ജോയിന്റ് ഡയറക്ടറുടെ പദവിയിലുള്ള ഉദ്യോഗസ്ഥനാണ് നിലവിൽ ജനന-മരണ രജിസ്ട്രേഷന്റെ സംസ്ഥാന ചീഫ് രജിസ്ട്രാർ ആയി പ്രവർത്തിക്കുന്നത്. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ അഡീഷണൽ ഡയറക്ടർ (ജനറൽ) ആണ് അഡീഷണൽ ചീഫ് രജിസ്ട്രാറുടെ ചുമതല വഹിക്കുന്നത്. ഗ്രാമപഞ്ചായത്തിലെ സെക്രട്ടറിമാർ, നഗരസഭകളിലെ ഹെൽത്ത്

ഇൻസ്പെക്ടർമാർ, കണ്ണൂർ കന്റോൺമെന്റിന്റെ എക്സിക്യൂട്ടീവ് ഓഫീസർ എന്നിവരാണ് രജിസ്ട്രാറുടെ ചുമതല നിർവഹിക്കുന്നത്. രജിസ്റ്റർ ചെയ്ത ജനനമരണങ്ങളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ആനുവൽ വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട് ഓരോ വർഷവും പ്രസിദ്ധീകരിക്കുന്നു.

രാജ്യത്തിന്റെ സാമൂഹികവും സാമ്പത്തികവും ആയ വികസനപ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് അവിടുത്തെ ജനസംഖ്യയെ സംബന്ധിച്ച് ശരിയായ കണക്കുകൾ അത്യന്താപേക്ഷിതമാണ്. ജനനവും മരണവും 21 ദിവസത്തിനുള്ളിൽ രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് 1969 ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട് അനുശാസിക്കുന്നുവെങ്കിലും, നടക്കുന്ന എല്ലാ ജനനവും മരണവും കൃത്യമായി രജിസ്റ്റർ ചെയ്യപ്പെടുന്നതായി കാണുന്നില്ല. സിവിൽ രജിസ്ട്രേഷൻ സിസ്റ്റം അനുസരിച്ച് ജനന-മരണങ്ങൾ എവിടെ സംഭവിക്കുന്നുവോ അവിടെയുള്ള രജിസ്ട്രേഷൻ യൂണിറ്റിലാണ് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ) അവ രജിസ്റ്റർ ചെയ്യപ്പെടുന്നത്. ആയതിനാൽ ഗ്രാമത്തിലെയും നഗരത്തിലെയും ജനന-മരണ നിരക്കുകൾ ലഭ്യമാക്കുന്നതിനായി രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സാമ്പിൾ രജിസ്ട്രേഷൻ സിസ്റ്റം (എസ്.ആർ.എസ് ). 2011 സെൻസസ് പ്രകാരം ഇപ്പോൾ ഗ്രാമ പ്രദേശങ്ങളിലെ 175 സാമ്പിളുകളും പട്ടണ പ്രദേശങ്ങളിലെ 105 സാമ്പിളുകളും ആണ് സർവേക്കായി തെരഞ്ഞെടുത്തിരിക്കുന്നത്. ഗ്രാമപ്രദേശങ്ങളിൽ പദ്ധതി നടത്തിപ്പിനായി സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിനെയാണ് ചുമതലപ്പെടുത്തി യിരിക്കുന്നത്.

തെരഞ്ഞെടുത്ത മുനിസിപ്പാലിറ്റികളിലെയും കോർപ്പറേഷനുകളിലെയും രജിസ്റ്റർ ചെയ്യപ്പെടാതെ പോകുന്ന ജനന-മരണ വിവരങ്ങൾ കണ്ടെത്തി യഥാർത്ഥ ജനന-മരണ നിരക്കുകൾ തയ്യാറാക്കുക, സർവേ നടത്തുന്ന സ്ഥലങ്ങളിലെ തദ്ദേശവാസികളുടെ ജനന-മരണ നിരക്ക് കണക്കാക്കുക എന്നിവയാണ് സ്പോട്ട് ചെക്ക് സർവേയുടെ പ്രധാന ലക്ഷ്യം. സംസ്ഥാനത്തെ 6 കോർപ്പറേഷനുകളും തെരഞ്ഞെടുത്ത 28 മുനിസിപ്പാലിറ്റികളും ഉൾപ്പെടെ 34 സെന്ററുകളിലാണ് സ്പോട്ട് ചെക്ക് സർവേ പദ്ധതി നടപ്പിലാക്കി വരുന്നത്.

## *9. പ്രൈസസ് സ്റ്റാറ്റിസ്റ്റിക്സ്*

**<u>സൂചികകൾ</u>**

- പതിനേഴ് സെന്ററുകളിൽ നിന്നും ശേഖരിക്കുന്ന വിലവിവരം അപഗ്രഥിച്ച് കാർഷിക വ്യാവസായിക തൊഴിലാളികൾക്ക് വേണ്ടിയുള്ള ***ഉപഭോക്തൃ വില സൂചിക*** (AL & IW) എല്ലാ മാസവും തയാറാക്കുന്നു. (അടിസ്ഥാന വർഷം 2011-12 = 100).
- നൂറ്റിനാൽപ്പത്തിയൊമ്പത് (71 റൂറൽ + 78 അർബൻ) സെന്ററുകളിൽ നിന്നും 500-ൽ പരം സാധനങ്ങളുടെയും സേവനങ്ങളുടയും വിലവിവരവും ഹൗസ് റെന്റ് സർവേയിലൂടെ വീട്ടുവാടക വിവരവും ശേഖരിച്ച് അപഗ്രഥിച്ച ശേഷം ***ഗ്രാമ-നഗര ഉപഭോക്തൃ വില സൂചിക*** [CPI (R/U/C)] മാസംതോറും തയ്യാറാക്കുന്നു. (അടിസ്ഥാന വർഷം 2018) (2020 ജനുവരി മുതൽ).
- കാർഷികേതര മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ വേതനം ഉപയോഗിച്ച് ***വേതന സൂചിക*** (Wage Index) തയാറാക്കുന്നു. (അടിസ്ഥാന വർഷം 2019-20 = 100).
- കർഷകരുടെ വരുമാനം, കാർഷിക/ജീവിത ചെലവും തമ്മിലുള്ള അനുപാതം ഉപയോഗിച്ച് ***പാരിറ്റി ഇൻഡക്സ്*** തയാറാക്കുന്നു. (അടിസ്ഥാന വർഷം 1952-53 = 100).

- കമ്പോള വിലനിലവാര പദ്ധതിയനുസരിച്ച് ശേഖരിക്കുന്ന കാർഷിക വിഭവങ്ങളുടെ ***മൊത്ത വിൽപന വില*** ഉപയോഗിച്ച് മൊത്ത വിൽപന വിലയുടെ ശരാശരി മാറ്റത്തിന്റെ അളവ് മനസിലാക്കുന്നതിന് മൊത്ത വിൽപന വില സൂചിക മാസംതോറും തയാറാക്കുന്നു. (അടിസ്ഥാന വർഷം 2015-16 = 100).
- എല്ലാ താലൂക്കുകളിൽ നിന്നും ***81 ഇനങ്ങളുടെ കൃഷിയിടത്തെ മൊത്തവില*** (Farm wholesale price) ദ്വൈവാര ക്രമത്തിൽ ശേഖരിച്ച് ക്രോഡീകരിച്ച് മാസം തോറും റിപ്പോർട്ട് തയാറാക്കുന്നു.
- എല്ലാ താലൂക്കുകളിൽ നിന്നും ***63 ഇനങ്ങളുടെ കൃഷിയിടത്തെ ചില്ലറവില*** മാസംതോറും ശേഖരിച്ച് ക്രോഡീകരിച്ച് റിപ്പോർട്ട് തയാറാക്കുന്നു.
- ***50 ഇനം നിത്യോപയോഗ സാധനങ്ങളുടെ*** ദിവസേനയുള്ള ചില്ലറ വിലവിവരം ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ശേഖരിച്ച്, ക്രോഡീകരിച്ച് ദിവസേനയുള്ള റിപ്പോർട്ട് തയ്യാറാക്കുന്നു. ടി വിലവിവരം ദിവസംതോറും വകുപ്പിന്റെ വെബ്പോർട്ടൽ വഴി പൊതു ജനങ്ങൾക്കായി പ്രസിദ്ധീകരിച്ചുവരുന്നു.
- ആഴ്ചതോറും ***20 ഇനം സാധനങ്ങളുടെ മൊത്ത-ചില്ലറ വിലവിവരവും*** എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ശേഖരിച്ച്, ക്രോഡീകരിച്ച് റിപ്പോർട്ട് തയാറാക്കുന്നു.
- കേന്ദ്ര സർക്കാരിന്റെ പ്രൈസ്-മോണിറ്ററിംഗ് വിഭാഗത്തിനുവേണ്ടി ദിവസേന ***22 ഇനം അവശ്യസാധനങ്ങളുടെ മൊത്ത-ചില്ലറ വിലവിവരങ്ങൾ*** എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ശേഖരിച്ച് റിപ്പോർട്ട് തയ്യാറാക്കി അതാത് ദിവസം 4.00 pm നു മുമ്പ് സിവിൽ സപ്ലൈസ് ഡയറക്ടറേറ്റിന് നൽകി വരുന്നു.
- സപ്ലൈകോയുടെ നിർദ്ദേശപ്രകാരം ***21 ഇനം ഐ.സി.ഡി.എസ്. ഉൽപന്നങ്ങളുടെ*** (1st Quality) പൊതുവിപണിയിലെ വിലവിവരം രണ്ടാഴ്ചയിലൊരിക്കൽ ശേഖരിച്ച് ക്രോഡീകരിച്ച് നൽകിവരുന്നു.
- കൊല്ലം, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ നിന്നും ***19 ഇനം വനവിഭവങ്ങളുടെ*** വിലവിവരം മാസംതോറും ശേഖരിച്ച് ത്രൈമാസ റിപ്പോർട്ട് തയ്യാറാക്കി വനം വകുപ്പിനു നൽകുന്നു. വനം വകുപ്പ് ആവശ്യപ്പെടുന്നതനുസരിച്ച് തമിഴ്നാട്, കർണാടക, തെലങ്കാന എന്നിങ്ങനെ 3 സംസ്ഥാനങ്ങളിൽ ഓരോ സംസ്ഥാനങ്ങളിൽ നിന്നും തെരഞ്ഞെടുക്കുന്ന രണ്ടു സെന്ററുകളിൽ നിന്നുമായി 18 ഇനം വനവിഭവങ്ങളുടെ വിലവിവരം വർഷത്തിലൊരിക്കൽ ശേഖരിക്കുന്നു.
- തിരുവനന്തപുരം, എറണാകുളം ആയുർവേദ കോളേജുകളുടെ ആവശ്യ പ്രകാരം വർഷത്തിലൊരിക്കൽ 400-ൽ പരം ***ആയുർവേദ പച്ചമരുന്നുകളുടെ*** വിലവിവരം ശേഖരിച്ച് ക്രോഡീകരിച്ച് ആയുർവേദ കോളേജുകൾക്ക് നൽകുന്നു.
- ജി.ഒ (ആർ.ടി) 147/70/പി.എൽ.ജി തീയതി 19/06/1970 സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ ആശുപത്രികൾ, ജയിൽ, മൃഗശാല, മറ്റ് സർക്കാർ ഏജൻസികൾ മുതലായ സ്ഥാപനങ്ങൾക്ക് ടെൻഡർ വിളിക്കുന്നതിനുള്ള ആവശ്യത്തിലേക്കായി താലൂക്ക് കേന്ദ്രങ്ങളിൽ നിന്നും ***ആഹാര സാധനങ്ങളുടെയും ആശുപത്രി സാധനങ്ങളുടെയും*** വിലവിവരങ്ങൾ ത്രൈമാസ കാലാവധിയിൽ ശേഖരിച്ച് ക്രോഡീകരിച്ച് ബന്ധപ്പെട്ട വകുപ്പുകൾക്കു നൽകുന്നു.
- 13/01/1996-ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിളിച്ചുചേർത്ത യോഗത്തിന്റെ തീരുമാന പ്രകാരം എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും മാസംതോറും ***പാഴ് ക്കടലാസുകളുടെ***

കമ്പോള വിലവിവരം ശേഖരിച്ച് റിപ്പോർട്ട് തയ്യാറാക്കി തിരുവനന്തപുരം സ്റ്റേഷനറി കൺട്രോളർക്കു നൽകുന്നു.

- സംസ്ഥാനത്തെ പ്രധാനപ്പെട്ട കയർ ഉത്പാദന കേന്ദ്രങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട സെന്ററുകളിൽ നിന്നും തെരഞ്ഞെടുത്ത ഇനത്തിൽപ്പെട്ട ***കയറിന്റെ വിലയും, അസംസ്കൃതവും അഴുകിയതുമായ തൊണ്ടിന്റെ വിലയും*** എല്ലാ ആഴ്ചയും ശേഖരിക്കുകയും ത്രൈമാസ റിപ്പോർട്ട് തയാറാക്കി കയർ ബോർഡിന് നൽകുകയും ചെയ്യുന്നു.
- ആലപ്പുഴ, ഇടുക്കി ഒഴികെയുള്ള ജില്ലകളിൽ നിന്നും ***ചിരട്ടയുടെ മൊത്ത/ചില്ലറ വിലവിവരങ്ങൾ*** ശേഖരിച്ച് റിപ്പോർട്ട് തയ്യാറാക്കുകയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ജയിൽ തുടങ്ങിയവർക്ക് ആവശ്യാനുസരണം നൽകുകയും ചെയ്യുന്നു.
- കോട്ടയം, ഇടുക്കി, വയനാട്, തൃശ്ശൂർ കേന്ദ്രങ്ങളിൽ നിന്നും ***7 ഇനം സുഗന്ധവ്യഞ്ജനങ്ങളുടെ*** വിലവിവരങ്ങൾ എല്ലാ ആഴ്ചയിലും ശേഖരിച്ച് ത്രൈമാസ റിപ്പോർട്ട് തയ്യാറാക്കി സ്പൈസസ് ബോർഡ് കൊച്ചി, ഡയറക്ടറേറ്റ് ഓഫ് അരക്കനട്ട് & സ്പൈസസ് ഡെവലപ്മെന്റ്, കൃഷിയും കർഷകക്ഷേമവും മന്ത്രാലയം, ഭാരത സർക്കാർ തുടങ്ങിയ സ്ഥാപനങ്ങൾക്കു നൽകുന്നു.
- സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 8 കേന്ദ്രങ്ങളിൽ നിന്നും ആഴ്ചതോറും ***കൊക്കോ***യുടെ മൊത്തവിലവിവരം ശേഖരിച്ച് റിപ്പോർട്ട് തയാറാക്കുന്നു.
- ആഴ്ച തോറുമുള്ള ***ഉപ്പിന്റെ മൊത്ത / ചില്ലറ വിലവിവരങ്ങൾ*** തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് ജില്ലാ കേന്ദ്രങ്ങളിൽ നിന്നും ശേഖരിച്ച് റിപ്പോർട്ട് തയാറാക്കി സാൾട്ട് കമ്മീഷണർ ജയ്പൂർ, ഡെപ്യൂട്ടി സാൾട്ട് കമ്മീഷണർ ചെന്നൈ എന്നിവർക്കു നൽകുന്നു.
- എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും മാസം തോറും ***ഉപ്പിന്റെ മൊത്ത / ചില്ലറ വിലയും, സ്റ്റോക്ക്*** സംബന്ധിച്ച വിവരവും ശേഖരിച്ച് റിപ്പോർട്ട് തയാറാക്കി സാൾട്ട് കമ്മീഷണറേറ്റ്, സിവിൽ സപ്ലൈസ് ഡയറക്ടർ എന്നിവർക്ക് നൽകുന്നു.
- മിനിമം വേജസ് ആക്ടിന്റെ പരിധിയിൽ വരുന്ന കാർഷിക വ്യാവസായിക തൊഴിലാളികളുടെ വേരിയബിൾ ഡി.എ കണക്കാക്കുന്നതിനായി വകുപ്പ് എല്ലാ മാസങ്ങളിലും കൺസ്യൂമർ പ്രൈസ് ഇൻഡക്സ് തയാറാക്കുന്നു. ഇൻഡക്സിന്റെ അടിസ്ഥാനവർഷം നിലവിൽ 2011 – 12 ആണ്. ഇത് പരിഷ്ക്കരിക്കുന്നതിനും, വെയിംഗ് ഡയഗ്രം രൂപീകരിക്കുന്നതിനുമുള്ള ***കുടുംബ ബജറ്റ് സർവേ*** നടത്തുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്.

## *10. ദേശീയ സാമ്പിൾ സർവേ*

കേന്ദ്ര സർക്കാരിന്റെ നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് (എൻ.എസ്.ഒ) ദേശീയ തലത്തിൽ നടത്തി വരുന്ന സാമൂഹിക സാമ്പത്തിക സർവേകളിൽ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾക്കൊപ്പം കേരളവും പങ്കുചേർന്ന് സർവേ നടത്തുന്നു.

പ്രസ്തുത സർവേയിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൾ ദേശീയ തലത്തിലും സംസ്ഥാന തലത്തിലും സാമൂഹിക സാമ്പത്തിക ആസൂത്രണത്തെയും നയരൂപീകരണത്തെയും സഹായിക്കുന്നു. എൻ.എസ്.എസ് സർവേ ക്രമമായ ഇടവേളകളിൽ തുടർച്ചയായ റൗണ്ടുകളിലൂടെ നടത്തപ്പെടുന്ന സർവേയാണ്. സാധാരണയായി ഓരോ റൗണ്ടും ഒരു വർഷത്തെ കാലയളവിൽ നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് നിശ്ചയിക്കുന്ന സമകാലീന വിഷയങ്ങളെ ആസ്പദമാക്കി പഠനം

നടത്തുന്നു. കേരളത്തിനു വേണ്ടി പ്രസ്തുത വിവരങ്ങൾ ശേഖരിക്കുന്നത് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ ദേശീയ സാമ്പിൾ സർവേ വിഭാഗമാണ്.

### 11. സംസ്ഥാന വരുമാനം

സംസ്ഥാനത്തെ സ്ഥിതിവിവരശേഖരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള നോഡൽ ഏജൻസിയായ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ കീഴിലുള്ള സംസ്ഥാന വരുമാന വിഭാഗമാണ് സംസ്ഥാനത്തിന്റെ സാമ്പത്തിക അവസ്ഥയെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് സംസ്ഥാന വരുമാനം നിർണ്ണയിക്കുന്നത്. ഐക്യരാഷ്ട്ര സഭയുടെ സിസ്റ്റം ഓഫ് നാഷണൽ അക്കൗണ്ട്സിന്റെ ചുവടു പിടിച്ച് നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കു വിധേയമായി സംസ്ഥാന വരുമാനം, ജില്ലാ വരുമാനം എന്നിവ തയ്യാറാക്കുന്ന അതിപ്രധാനമായ ജോലിയാണ് സംസ്ഥാന വരുമാന വിഭാഗം നിർവ്വഹിച്ചുവരുന്നത്. വർഷം തോറും മൊത്ത സംസ്ഥാന ആഭ്യന്തര ഉത്പാദനം (ജി.എസ്.ഡി.പി), അറ്റ സംസ്ഥാന ആഭ്യന്തര ഉത്പാദനം (നിലവിലെ/ സ്ഥിരമായ വിലകളിൽ), പ്രതിശീർഷ വരുമാനം, ജില്ലാ ആഭ്യന്തര ഉത്പന്ന എസ്റ്റിമേറ്റുകൾ എന്നിങ്ങനെ വിവിധ മാക്രോ ഇക്കണോമിക് സംസ്ഥാനതല സൂചകങ്ങൾ തയ്യാറാക്കുന്നു. ഇതിനു പുറമെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചെലവിലൂടെ സൃഷ്ടിക്കപ്പെട്ട മൂലധന രൂപീകരണം, സാമ്പത്തിക വളർച്ചയുടെ വിഹിതം, സംസ്ഥാന ആഭ്യന്തര ഉൽപ്പാദനം എന്നിവ കണക്കാക്കാൻ പ്രസ്തുത സ്ഥാപനങ്ങളുടെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകളും നാഷണൽ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസിന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് വിശകലനം ചെയ്യുന്നു.

### 12. വിലയിരുത്തൽ പഠനം

മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന മണ്ണ് സംരക്ഷണ പദ്ധതികളുടെ വിലയിരുത്തൽ പഠനമാണ് ഇവാല്യൂവേഷൻ വിഭാഗത്തിന്റെ പ്രവർത്തനം. മണ്ണ് സംരക്ഷണ പദ്ധതികളുടെ വിലയിരുത്തൽ പഠന സർവേ റിപ്പോർട്ടുകളാണ് ഈ വിഭാഗത്തിൽ നിന്നുള്ള പ്രസിദ്ധീകരണങ്ങൾ.

### 13. സർവേ രൂപകൽപന വിഭാഗം

ആനുകാലിക പ്രധാന്യമുള്ള വിഷയങ്ങളെ കുറിച്ചും സമ്പദ്‌വ്യവസ്ഥയുടെ വിവിധ മേഖലകളിൽ നിലനിൽക്കുന്ന വിവര ദൗർലഭ്യത്തെക്കുറിച്ചും മനസിലാക്കി സർവേയും പഠനങ്ങളും നടത്തി അവ പരിഹരിക്കുന്നതിന് ആവശ്യമായ ഡാറ്റാബേസ് രൂപപ്പെടുത്തുക എന്നതാണ് വകുപ്പിലെ സർവേ രൂപകല്പന വിഭാഗം പ്രഥമപ്രധാനമായി ലക്ഷ്യമിടുന്നത്.

കാലാകാലങ്ങളിൽ സർവേകളിലൂടെ ശേഖരിക്കുന്ന വിവരങ്ങൾ ക്രോഡീകരിച്ച് തയ്യാറാക്കുന്ന റിപ്പോർട്ടുകൾ സംസ്ഥാനത്തിന്റെ സാമ്പത്തിക നയങ്ങൾ വികസിപ്പിക്കുന്നതിനും അതിന്റെ ഫലപ്രാപ്തി നിരീക്ഷിക്കുന്നതിനുമുള്ള ദിശാസൂചകങ്ങളായി അനുവർത്തിക്കുകയും ചെയ്യുന്നു. ഇതിനു പുറമേ സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനം (ജി.എസ്.ഡി.പി) തയ്യാറാക്കുന്നതിന് വിവിധ മേഖലകളിൽ ആവശ്യമായ നിരക്കുകളും അനുപാതങ്ങളും കാലോചിതമായി പരിഷ്ക്കരിക്കുന്നതിനും പുതുതായി രൂപപ്പെടുത്തുന്നതിനും ആവശ്യമായ അഡ്ഹോക്ക് സർവേകളും ഈ യൂണിറ്റ് ഏറ്റെടുത്ത് നടത്തിവരുന്നു.

കൂടാതെ മറ്റ് സർക്കാർ വകുപ്പുകൾ / ഏജൻസികൾ നടത്തുന്ന സർവേകൾക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും നൽകുന്നതോടൊപ്പം വിവിധ മേഖലകളിലെ

അനുവാചകരേയും ഗവേഷണ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികളേയും സഹായിക്കത്തക്ക രീതിയിൽ ലഭ്യമായ ഡാറ്റയും നൽകിവരുന്നു.

## 14. മാർക്കറ്റ് ഇന്റലിജൻസ് വിഭാഗം

കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നുള്ള 42 കമ്പോള കേന്ദ്രങ്ങളിൽനിന്ന് പ്രധാന ഇനം കാർഷിക ഉൽപന്നങ്ങളുടെ നിത്യേനയുള്ള മൊത്ത വില വിവരങ്ങൾ ഓൺലൈനായി ശേഖരിച്ച് (28 സെന്ററുകളിൽ നിന്നുള്ള വിവരം ഈ ഓഫീസിലും 14 സെന്ററുകളിൽ നിന്നുള്ള വിവരം കോഴിക്കോട് റീജിയണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിലും ഓൺലൈനായി ശേഖരിക്കുന്നു) ടി വിവരങ്ങൾ അടങ്ങുന്ന റിപ്പോർട്ട് റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ, ആകാശവാണി (തിരുവനന്തപുരം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ), ദൂർദർശൻ- ഫാം ന്യൂസ് – കൃഷി ദർശൻ, കാർഷികവികസന കർഷകക്ഷേമ വകുപ്പ്, സ്റ്റേറ്റ് അഗ്രികൾച്ചറൽ പ്രൈസസ് ബോർഡ്, വെജിറ്റബിൾ ആന്റ് ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിൽ, ജൻവാണി (FM), സപ്ലൈകോ, ഹോർട്ടികോർപ്പ്, നാളികേര വികസന ബോർഡ് എന്നിവിടങ്ങളിലേക്കു നൽകുകയും ദിവസേന വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. ആകാശവാണി നിലയങ്ങൾ വൈകുന്നേരം 7.20 നുള്ള "കമ്പോള വിലനിലവാരം" പരിപാടിയിൽ ഈ വിലവിവരങ്ങൾ പ്രക്ഷേപണം ചെയ്യുന്നു. മേൽവിവരങ്ങളുടെ ആഴ്ചതോറുമുള്ള (വെള്ളിയാഴ്ചത്തെ) അവലോകന റിപ്പോർട്ട് തിരുവനന്തപുരം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് ആകാശവാണി നിലയങ്ങളിലേക്ക് പ്രസിദ്ധീകരണത്തിനായി ഇ-മെയിൽ മുഖേന നൽകിവരുന്നു. കേരളത്തിലെ വിവിധ ജില്ലകളിലെ 41 കമ്പോള കേന്ദ്രങ്ങളിൽ നിന്നായി പ്രധാന ഇനം കാർഷിക ഉത്പന്നങ്ങളുടെ ആഴ്ചതോറുമുള്ള മൊത്തവരവിന്റേയും മൊത്തചെലവിന്റേയും സ്റ്റോക്ക് വിവരങ്ങൾ ശേഖരിച്ച് 'Report on Market Arrivals' എന്ന റിപ്പോർട്ട് വർഷം തോറും പ്രസിദ്ധീകരിക്കുന്നു.

കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നായി തെരഞ്ഞെടുത്ത 3 മാർക്കറ്റ് സെന്ററുകളിൽ നിന്നും (തിരുവനന്തപുരം, കൊച്ചി, തൃശ്ശൂർ) പ്രധാനപ്പെട്ട കാർഷിക ഉൽപന്നങ്ങളുടെ മൊത്തവരവിന്റേയും മൊത്തവിലയുടേയും ആഴ്ചതോറുമുള്ള സ്റ്റോക്ക് വിവരങ്ങളും ശേഖരിച്ച് തയാറാക്കുന്ന പ്രതിമാസ റിപ്പോർട്ട് റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ Department of Economic Analysis and Policy വിഭാഗത്തിന് നൽകി വരുന്നു.

കേരളത്തിലെ വിവിധജില്ലകളിൽ നിന്നായി 46 കമ്പോള കേന്ദ്രങ്ങളിൽനിന്ന് ശേഖരിച്ചു വരുന്ന പ്രധാന ഇനം കാർഷിക ഉത്പന്നങ്ങളുടെ മൊത്തവില ആഴ്ച തോറും ശേഖരിച്ച് തയാറാക്കുന്ന പ്രതിമാസ റിപ്പോർട്ട് "Wholesale Price Index" തയ്യാറാക്കുന്നതിലേക്കായി വിലശേഖരണ വിഭാഗത്തിന് നൽകുന്നു. വിവിധ കമ്പോള കേന്ദ്രങ്ങളിൽനിന്ന് ശേഖരിക്കുന്ന കശുവണ്ടിയുടെ കമ്പോള മൊത്തവിലയുടെ അടിസ്ഥാനത്തിൽ മാർക്കറ്റ് ഇന്റലിജൻസ് വിഭാഗം തയാറാക്കുന്ന റിപ്പോർട്ട് പ്രകാരമാണ് ബഹു. അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ ചെയർമാനായുള്ള തോട്ടണ്ടി വിലനിർണ്ണയ സമിതി കശുവണ്ടിയുടെ താങ്ങുവില നിശ്ചയിക്കുന്നത്. കശുവണ്ടിയുടെയും കൊക്കോയുടെയും ആഴ്ച്ചതോറുമുള്ള മൊത്ത വില ശേഖരിച്ച് ഡയറക്ടറേറ്റ് ഓഫ് കാഷ്യൂനട്ട് & കൊക്കോ ഡെവലപ്മെന്റ്, കൃഷിയും കർഷകക്ഷേമവും മന്ത്രാലയം എന്ന കേന്ദ്രസർക്കാർ ഓഫീസിലേക്ക് മാസംതോറും ഇ-മെയിൽ മുഖാന്തിരം അയച്ചുകൊടുക്കുന്നു. കൂടാതെ വിവിധ ഏജൻസികൾ ആവശ്യപ്പെടുന്ന മുറയ്ക്ക് ഡാറ്റ നൽകി വരുന്നു.

## 15. പ്രാദേശിക വികസനത്തിനുള്ള അടിസ്ഥാന സ്ഥിതിവിവരക്കണക്ക് (ബി.എസ്.എൽ.എൽ.ഡി)

കേന്ദ്ര സർക്കാരിന്റെ "ഇൻഡ്യ സ്റ്റാറ്റിസ്റ്റിക്കൽ സ്ട്രെങ്ത്തനിങ് പ്രോജക്ട് (ഐ.എസ്.എസ്.പി)" യുടെ നടത്തിപ്പുമായി ബന്ധപ്പെട്ട കേരളത്തിലെ സ്ഥിതിവിവരക്കണക്ക് ശേഖരണം ശക്തിപ്പെടുത്തുന്നതിനായി നിലവിൽ ബേസിക് സ്റ്റാറ്റിസ്റ്റിക്സ് ഫോർ ലോക്കൽ ലെവൽ ഡെവലപ്മെന്റ് (ബി.എസ്.എൽ.എൽ.ഡി) എന്ന പദ്ധതി സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്നു. ഐ.എസ്.എസ്.പി പ്രോജക്ടിലെ വിവിധ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാദേശികതല വികസനത്തിനായുള്ള അടിസ്ഥാന സ്ഥിതിവിവരക്കണക്ക് ശേഖരണം. ഈ പദ്ധതി പ്രകാരം 2015-16 അടിസ്ഥാന വർഷമാക്കി സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും ലഭ്യമായ ഡാറ്റാ ശേഖരണം തുടങ്ങുകയുണ്ടായി. ദ്വിതീയ തലത്തിലുള്ള വിവരങ്ങളാണ് പ്രസ്തുത സർവേയിൽ ശേഖരിക്കുന്നത്.

## സേവനാവകാശ നിയമം

2012 നവംബർ 1 ന് G.O(P) No. 55/2012/P&ARD ഉത്തരവു പ്രകാരം സംസ്ഥാനത്ത് സേവനാവകാശ നിയമം നിലവിൽ വന്നു. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ വിലശേഖരണ വിഭാഗം, സംസ്ഥാന വരുമാന വിഭാഗം, ഇ.എ.ആർ.എ.എസ് വിഭാഗം എന്നിവയാണ് ഈ നിയമത്തിൻകീഴിൽ വരുന്നത്.

ഈ വിഭാഗങ്ങളിൽ നിന്നും നൽകുന്ന സേവനങ്ങൾ, നിയുക്ത ഉദ്യോഗസ്ഥൻ, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി തുടങ്ങിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**അനുബന്ധം**

| നം | സേവനങ്ങൾ | റിപ്പോർട്ടുകൾ അന്തിമമാക്കാനുള്ള പരമാവധി സമയം | സേവനം നൽകാനുള്ള നിശ്ചിത പരിധി | നിയുക്ത ഉദ്യോഗസ്ഥൻ | ഒന്നാം അപ്പീൽ അധികാരി | രണ്ടാം അപ്പീൽ അധികാരി |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| I. | **വിലശേഖരണം** | | | | | |
| (1) | പ്രധാന കാർഷിക വിളകളുടെ കൃഷിയിടത്തെ പ്രതിമാസ മൊത്ത വിലനിലവാരം | തനത് മാസം കഴിഞ്ഞ് 40 ദിവസം | അപേക്ഷ ലഭിച്ച് 7 ദിവസം | | | |
| (2) | പ്രധാന കാർഷിക വിളകളുടെ കൃഷിയിടത്തെ പ്രതിമാസ ചില്ലറ വിലനിലവാരം | " | " | | | |
| (3) | പ്രതിമാസ ഉപഭോക്തൃ വില സൂചിക | " | " | | | |
| (4) | പ്രതിമാസ മൊത്തവില നിലവാര സൂചിക | തനത് മാസം കഴിഞ്ഞ് 30 ദിവസം | " | | | |
| (5) | പ്രൈസ് ബുള്ളറ്റിൻ പ്രതിമാസം | തനത് മാസം കഴിഞ്ഞ് 15 ദിവസം | " | അസിസ്റ്റന്റ് ഡയറക്ടർ (പ്രൈസസ്) | അഡീഷണൽ ഡയറക്ടർ (പ്രൈസസ്) | ഡയറക്ടർ |
| (6) | പ്രധാന കാർഷിക ഉൽപന്നങ്ങളുടെ കമ്പോള വിലനിലവാര സൂചിക | തനത് വർഷം കഴിഞ്ഞ് 6 മാസം | " | | | |
| (7) | നിത്യോപയോഗ അവശ്യ സാധനങ്ങളുടെ ദിനംപ്രതി ഉള്ള വിലനിലവാരം (50ഇനം) | തനത് ദിവസം കഴിഞ്ഞ് 5 മണി | " | | | |

**I I. സംസ്ഥാന വരുമാനം**

| | | | | | | |
|---|---|---|---|---|---|---|
| (1) | ജി.എസ്.ഡി.പി | തനത് സാമ്പത്തിക വർഷം കഴിഞ്ഞ് 2 വർഷം കഴിഞ്ഞുള്ള ജനുവരി-31-ന് | അപേക്ഷ ലഭിച്ച് 7 ദിവസം | അസിസ്റ്റന്റ് ഡയറക്ടർ (സ്റ്റേറ്റ് ഇൻകം) | അഡീഷണൽ ഡയറക്ടർ (സ്റ്റേറ്റ് ഇൻകം | ഡയറക്ടർ |
| (2) | എൻ.എസ്.ഡി.പി | " | " | | | |
| (3) | ജി.ഡി.ഡി.പി | " | " | | | |
| (4) | എൻ.ഡി.ഡി.പി | " | " | | | |
| (5) | ജി.എസ്.ഡി.പി (പ്രൊവിഷണൽ) | തനത് സാമ്പത്തിക വർഷം കഴിഞ്ഞ് ഒരു വർഷം കഴിഞ്ഞുള്ള ജനുവരി-31-ന് | " | | | |
| (6) | എൻ.എസ്.ഡി.പി (പ്രൊവിഷണൽ) | " | " | | | |
| (7) | ജി.ഡി.ഡി.പി (പ്രൊവിഷണൽ) | " | " | | | |
| (8) | എൻ.ഡി.ഡി.പി (പ്രൊവിഷണൽ) | " | " | | | |
| (9) | ജി.എസ്.ഡി.പി (ക്വിക്ക്) | തനത് സാമ്പത്തിക വർഷം കഴിഞ്ഞുള്ള ജനുവരി-31-ന് | " | | | |
| (10) | എൻ.എസ്.ഡി.പി (ക്വിക്ക്) | " | " | | | |
| (11) | ജി.ഡി.ഡി.പി (ക്വിക്ക്) | " | " | | | |
| (12) | എൻ.ഡി.ഡി.പി (ക്വിക്ക്) | " | " | | | |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|

**I II. ഇ.എ.ആർ.എ.എസ്**

| | | | | | | |
|---|---|---|---|---|---|---|
| (1) | ഭൂവിനിയോഗം ഭൂവിസ്തൃതി കൃഷിഭൂമിയുടെ വിസ്തീർണ്ണം (ജില്ലാതലം) | തനത് കാർഷിക വർഷം കഴിഞ്ഞുള്ള ഡിസംബർ 15-ാം തീയതി | അപേക്ഷ ലഭിച്ച് 7 ദിവസം | ജോയിന്റ് ഡയറക്ടർ (ഇ.എ.ആർ.എ.എസ് ) | അഡീഷണൽ ഡയറക്ടർ (പ്രൈസസ്) | ഡയറക്ടർ |
| (2) | കാലിക വിളകൾ, വാർഷിക വിളകൾ, ദീർഘകാല വിളകൾ തുടങ്ങിയ 75 വിളകളുടെ ഭൂവിസ്തൃതി (ജില്ലാ തലം) | " | " | | | |
| (3) | 37 കാർഷിക വിളകളുടെ ഉൽപാദനം ഉൽപാദന ക്ഷമത (ജില്ലാ തലം) | " | " | | | |

## ആനുകാലിക പ്രസിദ്ധീകരണങ്ങൾ

| ക്രമ നം. | പ്രസിദ്ധീകരണം | പ്രസിദ്ധീകരണ കാലയളവ് | ഒടുവിൽ പ്രസിദ്ധീകരിച്ചത് |
|---|---|---|---|
| 1. | അഗ്രികൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ് | വാർഷികം | 2020–21 |
| 2. | ആനുവൽ റിവ്യൂ ഓഫ് ക്രോപ്പ് സ്റ്റാറ്റിസ്റ്റിക്സ് സിസ്റ്റം ഇൻ കേരള | വാർഷികം | |
| 3. | ഫൈനൽ എസ്റ്റിമേറ്റ് ഓൺ ഏരിയ & പ്രൊഡക്ഷൻ ഓഫ് പാഡി | കാലികം | 2021–22 (പുഞ്ച) |
| 4. | കാർഷിക സെൻസസ് റിപ്പോർട്ട് | | |
| 5. | ഇൻപുട്ട് സർവ്വേ റിപ്പോർട്ട് | | |
| 6. | റിപ്പോർട്ട് ഓൺ കോസ്റ്റ് ഓഫ് കൾട്ടിവേഷൻ ഓഫ് ഇംപോർട്ടന്റ് ക്രോപ്പ്സ് | വാർഷികം | 2019–20 |
| 7. | വാർഷിക വ്യാവസായിക സർവേ (വാള്യം – I & II) | വാർഷികം | 2018–19 |
| 8. | വ്യാവസായിക ഉത്പാദന സൂചിക പാദ വാർഷിക റിപ്പോർട്ട് | പാദവാർഷികം | 2022–23 ഒന്നാം പാദം |
| 9. | വ്യാവസായിക ഉത്പാദന സൂചിക വാർഷിക റിപ്പോർട്ട് | വാർഷികം | 2020–21 |
| 10 | മാർക്കറ്റ് പ്രൈസ് ഓഫ് ബിൽഡിംഗ് മെറ്റീരിയൽസ് & ലേബർ വേജ് റേറ്റ്സ് | പാദവാർഷികം | 2022–23 ഒന്നാം പാദം |
| 11. | ബിൽഡിംഗ് സ്റ്റാറ്റിസ്റ്റിക്സ് | വാർഷികം | 2020–21 |
| 12. | മെഡിക്കൽ സർട്ടിഫിക്കേഷൻ ഓഫ് കോസ് ഓഫ് ഡെത്ത് | വാർഷികം | 2020 |
| 13. | ആനുവൽ വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട് | വാർഷികം | 2020 |
| 14. | കൺസ്യൂമർ പ്രൈസ് റിപ്പോർട്ട് | പാദവാർഷികം | 2022 ഒന്നാം പാദം |
| 15. | പ്രൈസ് ബുള്ളറ്റിൻ | പ്രതിമാസം | 2022 ഓഗസ്റ്റ് |
| 16. | പ്രൈസ് സ്റ്റാറ്റിസ്റ്റിക്സ് | വാർഷികം | 2020 |
| 17. | കേരള പൊതുവിപണി അവലോകനം | പ്രതിമാസം | 2022 മെയ് |
| 18. | ദേശീയ സാമ്പിൾ സർവ്വേ റിപ്പോർട്ട് | റൗണ്ട് | 76– ാാം റൗണ്ട് |
| 19. | GSDP & NSDP from 2011–12 to 2021–22 (base year 2011–12) | പാദവാർഷികം | |
| 20. | ഗ്രോസ് ഫിക്സഡ് ക്യാപ്റ്റൽ ഫോർമേഷൻ 2011–12 to 2015–16 | വാർഷികം | |
| 21. | ഇവാല്യുവേഷൻ സ്റ്റഡി ഓൺ സോയിൽ കൺസർവേഷൻ | വാർഷികം | 2020–21 |
| 22. | ക്വിക്ക് സ്റ്റഡി റിപ്പോർട്ട് ഓൺ ഇംപാക്ട് ഓഫ് കോവിഡ്–19 ഇൻ അൺ ഇൻകോർപ്പറേറ്റഡ് നോൺ അഗ്രികൾച്ചറൽ എന്റർപ്രൈസസ് | | 2021 |

| | | | |
|---|---|---|---|
| 23. | റിപ്പോർട്ട് ഓൺ ഫോറസ്ട്രി ഇൻപുട്ട് കോസ്റ്റ് റേറ്റ് | | 2017–18 |
| 24. | റിപ്പോർട്ട് ഓൺ പ്രൈവറ്റ് മെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻസ് ഇൻ കേരള | | 2017–18 |
| 25. | റിപ്പോർട്ട്സ് ഓൺ സിമന്റ് ബ്രിക്ക്സ് മാനുഫാക്ചറിംഗ് യൂണിറ്റ്സ് ഇൻ കേരള | | 2016–17 |
| 26. | റിപ്പോർട്ട് ഓൺ നോൺ അവൈലബിലിറ്റി ഓഫ് ലേബറേഴ്സ് ഇൻ അഗ്രികൾച്ചറൽ സെക്ടർ | | 2015–16 |
| 27. | റിപ്പോർട്ട് ഓൺ ക്വാളിറ്റേറ്റിവ് ആന്റ് ക്വാണ്ടിറ്റേറ്റിവ് കണ്ടീഷൻ ഇൻ ഹൌസിംഗ് ഇൻ റൂറൽ കേരള | | 2016–17 |
| 28. | റിപ്പോർട്ട് ഓൺ നോൺ അവൈലബിലിറ്റി ഓഫ് ലേബറേഴ്സ് ഇൻ കൺസ്ട്രക്ഷൻ സെക്ടർ | | 2015–16 |
| 29. | റിപ്പോർട്ട് ഓൺ വേസ്റ്റ് മാനേജ്മെന്റ് ആന്റ് ഡിസ്പോസൽ സർവ്വേ | | 2014–15 |
| 30. | റിപ്പോർട്ട് ഓൺ സാ മിൽസ് ഇൻ കേരള | | 2014–15 |
| 31. | റിപ്പോർട്ട് ഓൺ ഹോട്ടൽസ് & റെസ്റ്റാറന്റ്സ് ഇൻ കേരള | | 2014–15 |
| 32. | റിപ്പോർട്ട് ഓൺ NPI – ഓർഫണേജ്/ ഓൾഡേജ് ഹോം സർവ്വേ | | 2013–14 |
| 33. | റിപ്പോർട്ട് ഓൺ ഹോം നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂഷൻസ് ഇൻ കേരള | | |
| 34. | പ്രവാസി മലയാളി സെൻസസ് വാള്യം I & II | | 2013 |
| 35. | തട്ടുകട സർവ്വെ റിപ്പോർട്ട് | | 2015 |
| 36. | റിപ്പോർട്ട് ഓൺ പ്രൈവറ്റ് മെഡിക്കൽ ലബോറട്ടറീസ് | | 2014 |
| 37. | റിപ്പോർട്ട് ഓൺ സ്ളോട്ടർ ഹൗസസ് & പൌൾട്രി സ്റ്റാൾസ് ഇൻ കേരള | | 2013 |

## വിവരാവകാശ നിയമം – 2005

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിൽ നിന്നും പൊതുജനങ്ങൾക്ക് ആവശ്യമായ വിവരം നൽകുന്നതിനായി വകുപ്പ് ഡയറക്ടറേറ്റിലും ജില്ലാ–താലൂക്ക് തലത്തിലും സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ആഫീസർ / സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക്ക് ഇൻഫർമേഷൻ ആഫീസർ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**പബ്ലിക് ഇൻഫർമേഷൻ ആഫീസർമാർ**

നിലവിൽ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റിൽ അഡീഷണൽ ഡയറക്ടർ (സ്റ്റേറ്റ് ഇൻകം) അപ്പീൽ അധികാരിയും ഡെപ്യൂട്ടി ഡയറക്ടർ (ഇവാല്യവേഷൻ) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുമാണ്. ജില്ലാതലത്തിൽ ഡെപ്യൂട്ടി ഡയറക്ടർ ജില്ലാതല സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുമാണ്.

## സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ പബ്ലിക് ഇൻഫർമേഷൻ ആഫീസർമാർ

### ആസ്ഥാന ഓഫീസ്

| | | | |
|---|---|---|---|
| 1. | അപ്പീൽ അധികാരി | ശ്രീ.സന്തോഷ് കുമാർ.പി.ഡി (അഡീഷണൽ ഡയറക്ടർ) | 0471-2306039 |
| 2. | സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ | ശ്രീമതി.ഷൈലമ്മ.കെ (ഡെപ്യൂട്ടി ഡയറക്ടർ) | 0471-2303404 9496270806 |
| 3. | അസിസ്റ്റന്റ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ | ശ്രീമതി.സോണി.എസ്.സി. (അസിസ്റ്റന്റ് ഡയറക്ടർ) | 0471-2303404 9447700999 |

### ജില്ലാതല സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർമാർ (ഡെപ്യൂട്ടി ഡയറക്ടർമാർ)

| | | | |
|---|---|---|---|
| 1. | തിരുവനന്തപുരം | ശ്രീ.അനീഷ് കുമാർ.ബി | 0471-2990752 ecostattvm@gmial.com |
| 2. | കൊല്ലം | ശ്രീ.വി.വിജയകുമാർ | 0474-2914925 ecostatklm@gmail.com |
| 3. | പത്തനംതിട്ട | ശ്രീമതി.ജ്യോതി ലക്ഷ്മി.ആർ | 0468-2998400 ecostatptm@gmail.com |
| 4. | ആലപ്പുഴ | ശ്രീ.എസ്.അബ്ദുൽ സലാം | 0477-2992312 ecostatalp@gmail.com |
| 5. | കോട്ടയം | ശ്രീ.അജിത് കുമാർ.പി.കെ | 0481-2995556 ecostatktm@gmail.com |
| 6. | ഇടുക്കി | ശ്രീ.മേരി ജോർജ്ജ് | 0486-2299511 ecostatidk@gmail.com |
| 7. | എറണാകുളം | ശ്രീ.എ.പി.ഷോജൻ | 0484-2955532 ecostatekm@gmail.com |
| 8. | തൃശ്ശൂർ | ശ്രീമതി.സിൻസിമോൾ ആന്റണി.കെ | 0487-2991125 ecostattsr@gmail.com |
| 9. | പാലക്കാട് | ശ്രീമതി.സിനി കാസ്സിം | 0491-2910106 ecostatpkd@gmail.com |
| 10. | മലപ്പുറം | ശ്രീമതി.ശ്രീജയ.പി.കെ | 0483-2954939 ecostatmlp@gmail.com |
| 11. | കോഴിക്കോട് | ശ്രീ.വി.രാജേഷ് | 0495-2991793 ecostatkzh@gmail.com |
| 12. | വയനാട് | ശ്രീമതി.ഷീന.പി | 0493-6296253 ecostatwyd@gmail.com |
| 13. | കണ്ണൂർ | ശ്രീ.ഇ.വി.പ്രേമരാജൻ | 0497-2950405 ecostatknr@gmail.com |
| 14 | കാസറഗോഡ് | ശ്രീ.അഭിനേഷ്.എസ്.എസ് | 0499-4290350 ecostatksd@gmail.com |

## പരാതികൾക്കും നിർദ്ദേശങ്ങൾക്കും പരിഹാരം

ഈ വകുപ്പിനെ സംബന്ധിച്ച് പൊതുജനങ്ങൾക്കുള്ള നിർദ്ദേശങ്ങളും പരാതികളും പരിഹരിക്കുന്നതിന് ഡയറക്ടർക്ക് ഇ-മെയിൽ ചെയ്യുകയോ, നേരിട്ട് സമീപിക്കുകയോ ചെയ്യാവുന്നതാണ്.

**മേൽവിലാസം**

ഡയറക്ടർ
സാമ്പത്തിക സ്ഥിതിവിവരക്കണക്ക് ഡയറക്ടറേറ്റ്,
അഞ്ചാം നില, വികാസ് ഭവൻ,
തിരുവനന്തപുരം – 695033
ഇ-മെയിൽ : ecostatdir@gmail.com
വെബ്സൈറ്റ് : www.ecostat.kerala.gov.in
ഫാക്സ് നമ്പർ : 0471-2305318

**ടെലിഫോൺ നമ്പരും ഇ-മെയിൽ വിലാസവും**

| | |
|---|---|
| ഡയറക്ടർ | 0471-2305318<br>ecostatdir@gmail.com |
| അഡീഷണൽ ഡയറക്ടർ (ജനറൽ) | 0471-2304711<br>ecostatddlg@gmail.com |
| അഡീഷണൽ ഡയറക്ടർ (സ്റ്റേറ്റ് ഇൻകം) | 0471-2306039<br>ecostatddlsi@gmail.com |
| അഡീഷണൽ ഡയറക്ടർ (പ്രൈസസ്) | 0471-236039<br>ecostatddlpri@gmail.com |
| സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 0471-2303935<br>ecostatao@gmail.com |
| ജോയിന്റ് ഡയറക്ടർ (പിപിസി) | 0471-2305552 |
| ജോയിന്റ് ഡയറക്ടർ(അഗ്രികൾച്ചർ സെൻസസ്) | 0471-2305552 |
| ജോയിന്റ് ഡയറക്ടർ (എസ് ആന്റ് ഡി) | 0471-2307419 |
| ജോയിന്റ് ഡയറക്ടർ (ഇ.എ.ആർ.എ.എസ്) | 0471-2307419 |
| പ്രസിദ്ധീകരണ വിഭാഗം | 0471-2303404 |
| അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | 0471-2303404 |
| കമ്പ്യൂട്ടർ വിഭാഗം | 0471-2307419 |
| പരിശീലന വിഭാഗം | 0471-2305552 |
| വിലശേഖരണ വിഭാഗം | 0471-2305552 |